**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- ശ്രീ ജാഫർ അലി & റുക്കിയ മോൾ, ചോലക്കൽ ഹൌസ്, പേരൂർ എന്നവർ ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 21/02/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 23/02/2024</u>**

ശ്രീ ജാഫർ അലി & റുക്കിയ മോൾ, ചോലക്കൽ ഹൌസ്, പേരൂർ എന്നവർ ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) മുമ്പാകെ, മങ്കര ഗ്രാമപഞ്ചായത്തിൽ നിന്നും, കെട്ടിടം പുനർ നിർമാണ പ്രവർത്തനം നടത്തി അപേക്ഷ സമർപ്പിച്ചപ്പോൾ ന്യൂനതകൾ രേഖപ്പെടുത്തി കത്ത് നൽകിയെന്നും കെട്ടിടനമ്പർ ലഭിച്ചില്ലെന്നും മറ്റും പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ പരാതി പരിശോധിച്ചു. പരാതിക്കാരനെ കേട്ടു. പരാതിയിൽ പറയുന്ന കെട്ടിടം അദാലത്ത് സമിതി അംഗങ്ങൾ നേരിൽ സന്ദർശിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. നിർമാണപ്രവർത്തനം നടത്തിയപ്പോൾ ചില KPBR ചട്ടലംഘനങ്ങൾ വന്നതായി എൽ എസ് ജി ഡി വിഭാഗം റിപ്പോർട്ട് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ പരാതി ഉപജില്ലാ അദാലത്ത് സമിതി മുമ്പ് പരിഗണിച്ചിരുന്നതാണ്. ഉപജില്ലാ അദാലത്ത് സമിതിയുടെ ടി ഉത്തരവിൽ പറയുന്ന ന്യൂനതകൾ പരിഹരിച്ച് വിവരം അറിയിക്കുന്ന മുറക്ക്, അത് പരിശോധിച്ച് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം, സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്നതിനുള്ള ചട്ടം പുറപ്പെടുവിച്ച സ്ഥിതിക്ക് അത് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, അത് ചട്ടപ്രകാരം പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട്

പകർപ്പ്: ശ്രീ ജാഫർ അലി & റുക്കിയ മോൾ, ചോലക്കൽ ഹൌസ്, പേരൂർ